# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 225

28/10/2019-ൽ മറുപടി
നൽകേണ്ടിയിരുന്നത്

**കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള എക്കൽ നീക്കം ചെയ്യുന്നത്**

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|
| (എ) തൃപ്പൂണിത്തുറ, കൊച്ചി, നിയോജക മണ്ഡലങ്ങളിൽപ്പെടുന്നതും ദേശീയ ജലപാതയുടെ ഭാഗവുമായ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യുന്നതിനായി ഉൾനാടൻ ജലഗതാഗത ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള 3 കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (എ) തൃപ്പൂണിത്തുറ, കൊച്ചി, നിയോജക മണ്ഡലങ്ങളിൽ പ്പെടുന്നതും ദേശീയ ജലപാതയുടെ ഭാഗവുമായ കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള ഭാഗത്ത് അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യുന്ന രണ്ട് റീച്ചുകളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം എക്കൽ എവിടെയാണ് നിക്ഷേപിക്കുവാനായി നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) പ്രസ്തുത എസ്റ്റിമേറ്റിൽ 5 കിലോമീറ്റർ ദൂരത്തിൽ എക്കൽ കൊണ്ടു പോയി കളയുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) കടലിൽ നിക്ഷേപിക്കുന്ന എക്കൽ വീണ്ടും കായലിലേക്ക് തന്നെ തിരിച്ചെത്തും എന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ പ്രദേശങ്ങളിൽ വൻതോതിൽ കൈയേറിയിരിക്കുന്ന കായൽ ഭൂമി സൈഡ് കെട്ടി എക്കൽ ഇവിടെ നിക്ഷേപിക്കുന്നതിനുള്ള പ്രൊവിഷൻ നിലവിലുള്ള 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച 22.08.2019-ലെ കത്തിൽ (G190900769/CMO) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ? | (സി) 22-08-2019-ലെ കത്ത് പരിശോധിച്ച് (G190900769/CMO) റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർക്ക് അയച്ചു കൊടുത്തു. എന്നാൽ റവന്യൂ വകുപ്പ് കൈയ്യേറ്റ ഭൂമി അളന്നു തരുന്ന മുറയ്ക്ക് മാത്രമേ ടി ഭൂമി സൈഡ് കെട്ടി എക്കൽ നിക്ഷേപിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന് കാലതാമസം നേരിടുവാൻ സാധ്യതയുള്ളതു കൊണ്ട് പ്രസ്തുത പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ